REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-12-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 70-ാം മഹാപരിനിർവാൺ ദിവസ് ഇന്നാചരിക്കുന്നു. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും പാർലമെന്റ് സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി.**
- **ദേശീയ കരകൗശല പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ചൊവ്വാഴ്ച സമ്മാനിക്കും.**
- **CPIMന് ജമാ അത്തെ ഇസ്ലാമിയുമായി ബന്ധമില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവർത്തിച്ച് വ്യക്തമാക്കി.**
- **രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ അറസ്റ്റ് ഈ മാസം 15 വരെ ഹൈക്കോടതി തടഞ്ഞു.**
- **തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിൽ പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിക്കും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ചയ്ക്ക് വിശാഖപട്ടണത്ത്.**

## വാർത്തകൾ വിശദമായി

ഇന്ന് ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 70-ാം മഹാപരിനിർവാൺ ദിനം. രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും പാർലമെന്റ് സമുച്ചയത്തിലെ പ്രേരണാസ്ഥലിൽ അംബേദ്കർ പ്രതിമയിൽ രാവിലെ പുഷ്പങ്ങൾ അർപ്പിച്ചു.

സമത്വം, സാഹോദര്യം, അന്തസ്സ് എന്നിവയ്ക്കായി നിരന്തര പോരാട്ടം നടത്തിയ അംബേദ്കർ, എല്ലാവരെയും ഉൾക്കൊള്ളുന്ന ആധുനികവും, പുരോഗമനപരവുമായ ഇന്ത്യയ്ക്കാണ് അടിത്തറ പാകിയതെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ സാമൂഹ്യമാധ്യമത്തിൽ പറഞ്ഞു.

അന്തസ്സ് ഉയർത്തിപ്പിടിക്കാനും ജനാധിപത്യ മൂല്യങ്ങൾ ശക്തിപ്പെടുത്താനും അംബേദ്കർ തലമുറകളെ പ്രചോദിപ്പിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ലോക്സഭാ സ്പീക്കർ ഓം ബിർളയും അംബേദ്കറിന് ആദരാഞ്ജലിയർപ്പിച്ചു. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, JP നദ്ദ തുടങ്ങിയവരും ഡോ.അംബേദ്കറിന് ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

2023-24 വർഷങ്ങളിലെ കരകൗശല അവാർഡുകൾ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയം പ്രഖ്യാപിച്ചു. ചൊവ്വാഴ്ച ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമു അവാർഡുകൾ സമ്മാനിക്കും. മികച്ച കരകൗശല വിദഗ്ധർക്ക് ശിൽപ ഗുരു പുരസ്കാരവും, ദേശീയ അവാർഡും സമ്മാനിക്കും.കേരളത്തിൽ നിന്ന് വൈക്കോൽ ചിത്രരചനാ രംഗത്ത് മികവ് തെളിയിച്ച B രാധാകൃഷ്ണപിള്ള 2023-ലെ ദേശീയ പുരസ്കാരത്തിനും, വൈക്കോൽ കരകൗശല വിഭാഗത്തിൽ K. സുലൈമാൻ കുട്ടിയും, ടെറാക്കോട്ട ശിൽപരംഗത്തെ മികവിന് V.K.ജയനും 2024-ലെ ദേശീയ പുരസ്കാരത്തിനും അർഹരായി.

✪✪✪

ആദായനികുതി, GST പരിഷ്കാരങ്ങൾക്ക് ശേഷം, കേന്ദ്രഗവണ്മെന്റിന്റെ അടുത്ത പരിഗണന കസ്റ്റംസ് നികുതി സമ്പ്രദായത്തിന്റെ ലളിതവൽക്കരണമാണെന്ന് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ അറിയിച്ചു. ന്യൂഡൽഹിയിൽ ഹിന്ദുസ്ഥാൻ ടൈംസ് ലീഡർഷിപ്പ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. നിയമവിരുദ്ധ വസ്തുക്കളുടെ കള്ളക്കടത്ത് ഇപ്പോഴും ഗുരുതരമായ ഒരു പ്രശ്നമാണെന്നും നിർമല സീതാരാമൻ അഭിപ്രായപ്പെട്ടു.

✪✪✪

ഇൻഡിഗോ വിമാനങ്ങളുടെ കാലതാമസവും റദ്ദാക്കലും സംബന്ധിച്ച സ്ഥിതി മെച്ചപ്പെട്ടു വരികയാണെന്നും ഇന്ന് മുതൽ വിമാനത്താവളങ്ങളിൽ കാത്തിരിപ്പ് ഉണ്ടാകില്ലെന്ന് പ്രതീക്ഷിക്കുന്നതായും കേന്ദ്ര മന്ത്രി റാം മോഹൻ നായിഡു പറഞ്ഞു.

വിമാനത്താവളങ്ങളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ കുറയ്ക്കുന്നതിലാണ് ഗവണ്മെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു.

✪✪✪

വിമാനങ്ങൾ റദ്ദാക്കിയതിനെത്തുടർന്ന് രാജ്യത്തെ യാത്രക്കാർക്കുണ്ടായ അസൗകര്യങ്ങളിൽ ഇൻഡിഗോ CEO പീറ്റർ എൽബേഴ്സ് ക്ഷമാപണം നടത്തി. കഴിഞ്ഞ കുറച്ചു ദിവസമായി എയർലൈൻ ഗുരുതരമായ പ്രവർത്തന പ്രതിസന്ധി നേരിടുകയായിരുന്നുവെന്നും അതുകൊണ്ടാണ് വിമാനങ്ങൾ റദ്ദാക്കേണ്ടി വന്നതെന്നും അദ്ദേഹം വീഡിയോ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

CPIM ന് ജമാ അത്തെ ഇസ്ലാമിയുമായി ബന്ധമില്ലെന്നും UDF അവരുമായി നിയമസഭാ തെരഞ്ഞെടുപ്പിൽ അവിശുദ്ധ സഖ്യത്തിന് ശ്രമിക്കുകയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ തൃശൂരിൽ ആവർത്തിച്ചു. BJPയും ജമാ അത്തെ ഇസ്ലാമിയും നീക്കുപോക്കിന് ശ്രമിക്കുകയാണെന്നും കിനാലൂരടക്കം വിഷയങ്ങൾ ആളിക്കത്തിച്ചത് ജമാ അത്തെ ഇസ്ലാമിയാണെന്നും അദ്ദേഹം മീറ്റ് ദ പ്രസിൽ കുറ്റപ്പെടുത്തി.

PM ശ്രീ പദ്ധതിയില്ലെങ്കിലും കേരളത്തിലെ സ്കൂളുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മറ്റൊരു ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകി. കേന്ദ്രസഹായം ലഭിച്ചില്ലെങ്കിലും കേരളത്തിലെ സ്കൂൾ മേഖല തകരില്ലെന്നും അദ്ദേഹം പറഞ്ഞു. അയ്യായിരം കോടിയിലധികം രൂപ ചെലവിൽ സ്കൂളുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞു. ഈ മാസം 15 വരെ അറസ്റ്റ് പാടില്ലെന്ന് ഹൈക്കോടതി അറിയിച്ചു. 15ന് മുൻകൂർ ജാമ്യാപേക്ഷ വീണ്ടും പരിഗണിക്കുന്നതുവരെയാണ് ഇടക്കാല ഉത്തരവ്. രാഹുലിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ വിശദവാദം ആവശ്യമാണെന്നും അതിൽ തീർപ്പാകുന്നതുവരെ അറസ്റ്റ് പാടില്ലെന്നും ജസ്റ്റിസ് K ബാബു ഉത്തരവിട്ടു. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ കഴിഞ്ഞ ദിവസം തള്ളിയതിനെ തുടർന്നാണ് രാഹുൽ ഹൈക്കോടതിയെ സമീപിച്ചത്.

രണ്ടാമത്തെ ബലാത്സംഗ കേസിലും രാഹുൽ മാങ്കൂട്ടത്തിൽ തിരുവനന്തപുരത്തെ കോടതിയിൽ മുൻകൂർ ജാമ്യഹർജി നൽകി.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിന്റെ അറസ്റ്റ് തടഞ്ഞത് കോടതിയുടെ സ്വാഭാവിക നടപടി മാത്രമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. പൊലീസിന് രാഹുലിനെ കണ്ടെത്താൻ കഴിഞ്ഞില്ലെന്നത് വാസ്തവമാണെന്നും ഗവൺമെന്റ് അറസ്റ്റ് വൈകിപ്പിക്കുകയാണെന്ന ആരോപണം ശരിയല്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാഹുൽ എവിടെയാണെന്ന് അറിയുന്നവർ അത് പൊലീസിനെ അറിയിക്കുകയാണ് വേണ്ടതെന്ന് മുഖ്യമന്ത്രി തൃശൂരിൽ പറഞ്ഞു.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. സംസ്ഥാന, ദേശീയ പാർട്ടി പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കേരളത്തിൽ തീവ്രവോട്ടർപട്ടിക പരിഷ്ക്കരണത്തിന് ശേഷം കരട് വോട്ടർപട്ടിക ഡിസംബർ 23നും, അന്തിമ പട്ടിക ഫെബ്രുവരി 21നും പ്രസിദ്ധീകരിക്കും.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പരിഷ്കരണത്തിന് ഒരാഴ്ച കൂടി സമയം അനുവദിച്ചതിനെ തുടർന്നാണ് ഈ മാസം 11 ന് അവസാനിക്കേണ്ടിയിരുന്ന പട്ടിക പരിഷ്ക്കരണം 18 ലേക്ക് നീട്ടിയത്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്. ചൊവ്വാഴ്ചയാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. അവസാന വോട്ടറേയും കണ്ട് വോട്ടുറപ്പിക്കുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളും മുന്നണി പ്രവർത്തകരും.

സമാപന പരിപാടികളിൽ മാതൃകാ പെരുമാറ്റച്ചട്ടവും, ഹരിത ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ പോളിംഗ് ഡ്യൂട്ടി ഉത്തരവ് ലഭിച്ചവരുടെ പോളിംഗ് സ്റ്റേഷനുകൾ ഇന്നറിയാം. വൈകിട്ട് ആറിനകം E- DROP സൈറ്റിൽ ഡ്യൂട്ടി പരിശോധിക്കാവുന്നതാണ്. പോസ്റ്റൽ ബാലറ്റിന് അപേക്ഷ തിങ്കളാഴ്ച വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പരാതി നൽകിയ യുവതിയെ സാമൂഹിക മാധ്യമത്തിലൂടെ അപമാനിച്ചെന്ന കേസിൽ രാഹുൽ ഈശ്വറിന്റെ ജാമ്യഹർജിയിൽ ഇന്നും വാദം തുടരും. ഇരുവിഭാഗത്തിന്റെയും വാദം പൂർത്തിയാകാത്ത സാഹചര്യത്തിലാണ് തിരുവനന്തപുരം അഡീഷണൽ CJM കോടതി ഇന്നും വാദം കേൾക്കുന്നത്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക് വിശാഖപട്ടണത്ത് ആരംഭിക്കും. ഇരു ടീമുകളും ഓരോ മത്സരം ജയിച്ച്, സമനില പാലിക്കുന്നതിനാൽ ഇന്നത്തെ മത്സരം നിർണായകമാണ്.

✪✪✪

സയ്യിദ് മുഷ്താഖ് അലി ട്രോഫി ട്വന്റി-20 ക്രിക്കറ്റിൽ കേരളം ആന്ധ്രപ്രദേശിനെ നേരിടും. ലഖ്നൗവിൽ ഉച്ചക്ക് ഒന്നരയ്ക്കാണ് മത്സരം.

✪✪✪

ചെന്നൈയിൽ FIH ജൂനിയർ പുരുഷ ഹോക്കി ലോകകപ്പിൽ, ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തി ഇന്ത്യ സെമി ഫൈനലിൽ പ്രവേശിച്ചു.

ഇന്ത്യ നാളെ സെമിഫൈനലിൽ ഏഴ് തവണ ചാമ്പ്യന്മാരായ ജർമ്മനിയെ നേരിടും.

✪✪✪

ദേശീയതല കടുവ കണക്കെടുപ്പിന്റെ ഭാഗമായി കണ്ണൂർ വനം ഡിവിഷനിലെ വിവര ശേഖരണം പുരോഗമിക്കുകയാണ്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....................(വോയ്സ്)...............

കണ്ണവം തളിപ്പറമ്പ് കൊട്ടിയൂർ റേഞ്ചുകളെ 14 ബ്ലോക്കുകളായി തിരിച്ചു കൊണ്ടാണ് വിവരശേഖരണം നടത്തുന്നത്. ഓരോ ബ്ലോക്കിലും ചാർജ് ഓഫീസറെ നിയമിച്ച് ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ മൊബൈൽ ആപ്ലി ക്കേഷൻ വഴിയാണ് കണക്കെടുപ്പ് പുരോഗമിക്കുന്നത്. ഇങ്ങനെയുള്ള ഓരോ ബ്ലോക്കിലും അഞ്ചു കിലോമീറ്ററിൽ കുറയാത്ത മൂന്ന് വ്യത്യസ്ത ട്രയിലുകളും രണ്ട് കിലോമീറ്ററിൽ കുറയാത്ത ട്രാൻസെക്ട് ലൈനും എടുത്ത് ആവശ്യമായ വിവരങ്ങൾ ഫോട്ടോഗ്രാഫിക് തെളിവുകളോടൊപ്പം രേഖപ്പെടുത്തുന്നുണ്ട്. മൂന്ന് റേഞ്ചുകളിലുമായി ഇതിനകം 210 കി. മി. യോളം കാൽനടയായി വിവരങ്ങൾ ശേഖരിച്ചു.

ശേഖരിച്ച ഈ വിവരങ്ങൾ ക്രോഡീകരിച്ച ശേഷം ദേശീയ കടുവാ സംരക്ഷണ അതോറിറ്റിക്ക് കൈമാറും. ആദ്യഘട്ടം ഡിസംബർ എട്ടിന് അവസാനിക്കും. അടുത്തഘട്ടമായി ക്യാമറ ട്രാപ്പിങ്ങ് ഇൻസ്റ്റലേഷൻ ആരംഭിക്കും.

✪✪✪

തമിഴ്നാട് രാമനാഥപുരത്ത് കാറുകൾ കൂട്ടിയിടിച്ച് അഞ്ച് പേർ മരിച്ചു. ഏഴ് പേർക്ക് സാരമായ പരിക്കേറ്റു. ആന്ധ്രാപ്രദേശിൽ നിന്ന് ശബരിമല തീർത്ഥാടനത്തിന് ശേഷം രാമേശ്വരത്തേക്ക് പോയവരുടെ കാറും, ഏർവാടിയിലേക്ക് പോയ കാറുമാണ് പുലർച്ചെ കൂട്ടിയിടിച്ചത്.

✪✪✪

കന്യാകുമാരിക്ക് സമീപം മാർത്താണ്ഡം ഫ്ലൈഓവറിൽ കാറും ബൈക്കും കൂട്ടിയിടിച്ച് തിരുവനന്തപുരം സ്വദേശികളായ രണ്ട് പേർ മരിച്ചു. ബൈക്കിലുണ്ടായിരുന്ന സഹോദരനും സഹോദരിയുമാണ് മരിച്ചതെന്ന് തമിഴ്നാട് പൊലീസ് അറിയിച്ചു.

✪✪✪

കാസർഗോഡ് പാലായി അയ്യങ്കുന്നത്ത് ഭഗവതി ക്ഷേത്രത്തിൽ ഇന്നലെ രാത്രി വൻ കവർച്ചയുണ്ടായി. ശ്രീകോവിലിന്റെ വാതിൽ തകർത്ത് ദേവീവിഗ്രഹത്തിൽ ചാർത്തിയിരുന്ന സ്വർണമാലയും ഭാണ്ഡാരവും കവർച്ച ചെയ്തു.

✪✪✪

കൊല്ലം മൈലക്കാട് നിർമ്മാണത്തിലിരുന്ന ദേശീയപാത തകർന്ന സംഭവത്തിൽ കലക്ടർ വിളിച്ച അടിയന്തരയോഗം ആരംഭിച്ചു. ദേശീയപാതാ അധികൃതർ, നിർമ്മാണ കരാർ കമ്പനി പ്രതിനിധികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 400 രൂപ താഴ്ന്ന് 95,440 രൂപയിലെത്തി. 11,930 രൂപയാണ് ഇന്ന് ഗ്രാമിന്റെ വില.

✪✪✪

എറണാകുളം - കൊല്ലം മെമു എക്സ്പ്രസിന് ഇന്ന് മുതൽ ഈ മാസം 15 വരെ തുമ്പോളിയിൽ താൽക്കാലിക സ്റ്റോപ്പ് അനുവദിച്ചു. തുമ്പോളി സെന്റ് തോമസ് പള്ളി പെരുന്നാളിനോടനുബന്ധിച്ചാണ് നടപടി.

✪✪✪

ശബരിമല സന്നിധാനത്ത് ഇന്നും കനത്ത സുരക്ഷ ഒരുക്കി. ഇന്നലെ രാത്രി നട അടച്ച ശേഷം പുലർച്ചെ നട തുറന്ന ശേഷമാണ് 18- പടി കയറാൻ തീർഥാടകരെ അനുവദിച്ചത്. നിയന്ത്രണം ഇന്നും തുടരും. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ CRPF, RAF, പൊലീസ്, NDRF എന്നിവയടക്കം ഏജൻസികളുടെ സുരക്ഷ ഇന്നും ഉണ്ടായിരിക്കും.

✪✪✪

ഇടുക്കി ഉടുമ്പന്നൂർ മലയിഞ്ചിയിൽ പുലർച്ചെ കാട്ടാനയാക്രമണത്തിൽ വീടു തകർന്നു. വീട്ടിൽ ആരും ഇല്ലാതിരുന്നതിനാൽ ആളപായം ഉണ്ടായില്ല. വീട്ടിൽ ഇതര സംസ്ഥാന തൊഴിലാളികളാണ് താമസിച്ചിരുന്നത്.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader: സബിത കെ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*